**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4909** **14-03-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി- പെരിങ്ങത്തൂർ- കൂത്തുപറമ്പ്- മട്ടന്നൂർ എയർപോർട്ട് റോഡിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി- പെരിങ്ങത്തൂർ- കൂത്തുപറമ്പ്- മട്ടന്നൂർ എയർപോർട്ട് റോഡ് നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കുമോ; | (എ) | കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള റോഡ് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി റോഡിൽ ഉൾപ്പെടുത്തി 4 വരിയായി വികസിപ്പിക്കുന്നതിന് 30.12.2017-ൽ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായ IDECK എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള ഭാഗത്തെ അലൈൻമെന്റിന് അന്തിമ തീരുമാനം ആയിട്ടില്ല.<br><br>കണ്ണൂർ ജില്ലയിലെ പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെ 29.80 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. 15/02/2021-ൽ കിഫ്ബിയിൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് കിഫ്ബി നൽകിയ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അധിക സ്ഥല പരിശോധനനടത്തി പരിഷ്കരിച്ച ഡി.പി.ആർ 24.05.2022-ൽ കിഫ്ബിയിൽ സമർപ്പിച്ചു. പ്രസ്തുത ഡി.പി.ആർ പ്രകാരം പദ്ധതി തുക 1009.98 കോടി രൂപ ആണ്. ഇതിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി 591.03 കോടി രൂപ ഉൾപ്പെടുന്നുണ്ട്. പ്രസ്തുത റോഡിന്റെ നിർമ്മാണത്തിനായി 45.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള അർത്ഥനാ പത്രം കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.<br><br>കണ്ണൂർ ജില്ലയിലെ 29.80 കി.മീ പ്രവൃത്തിയുടെ ഡി.പി.ആർ, കിഫ്ബിയുടെ അപ്രൈസൽ വിഭാഗത്തിന്റെ പരിശോധനയിലാണ്. പ്രസ്തുത പ്രവൃത്തിയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്ന് ലഭ്യമാക്കി സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കി |

| | | | |
|---|---|---|---|
| | | | സാങ്കേതികാനുമതിക്കും തുടർന്ന് ടെൻഡർ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത റോഡിന്റെ കൂത്തുപറമ്പ് മണ്ഡലത്തിൽ വരുന്ന ഭാഗങ്ങളിലെ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്നും ഇനി ബാക്കിയുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | ഈ റോഡിന്റെ കൂത്തുപറമ്പ് മണ്ഡലത്തിൽപ്പെടുന്ന ഭാഗത്തെ കല്ലിടൽ പ്രവൃത്തി പുരോഗതിയിലാണ്. റവന്യൂ വകുപ്പ് മുഖാന്തിരം സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കാനും തുടർന്ന് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികളിലേക്ക് കടക്കാനും സാധിക്കും. |
| (സി) | റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമിയുടെയും കെട്ടിടങ്ങളുടെയും നഷ്ടപരിഹാര തുക കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; നഷ്ടപരിഹാര തുക എപ്പോൾ വിതരണം ചെയ്യാൻ സാധിക്കും; വിശദമാക്കുമോ; | (സി) | 2013 സ്ഥലം ഏറ്റെടുക്കൽ നിയമം (The Right to Fair Compensation and Transparency in Land Acquisition, rehabilitation and Resettlement Act, 2013) നിഷ്കർഷിക്കുന്ന പ്രകാരം നഷ്ടപരിഹാര തുക കണക്കാക്കി റവന്യൂ വകുപ്പ് മുഖാന്തിരം വിതരണം ചെയ്യുന്നതാണ്. |
| (ഡി) | പ്രസ്തുത റോഡ് നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കണ്ണൂർ ജില്ലയിൽ വരുന്ന ഭാഗത്ത് റവന്യൂ വകുപ്പ് മുഖാന്തിരം സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനും തുടർന്നു സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ടെൻഡർ നടപടികളിലേക്ക് കടക്കുന്നതിനും സാധിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി - പെരിങ്ങത്തൂർ- വരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അന്തിമമായി തീരുമാനിച്ച തുടർ നടപടി സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ